**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** **30-01-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രവർത്തനങ്ങളെ തടയുന്ന കേന്ദ്രത്തിന്റെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയും കെ.എസ്.എസ്.പി.എല്ലും (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്) അടക്കമുള്ള സംസ്ഥാന ഉടമസ്ഥതയിലുള്ള സംരംഭങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളെ തടയുന്നതിൽ കേന്ദ്രസർക്കാർ വിവേചനപരമായ നീക്കം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറഞ്ഞതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്ന് കേന്ദ്ര സർക്കാർ കുറച്ച് വരുകയാണ്.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരികയാണ്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി എം.പി മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംഭരണാവകാശത്തിന്മേലുള്ള കൈകടത്തൽ സംസ്ഥാനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ വിനാശകരമാവുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറഞ്ഞതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്ന് കേന്ദ്ര സർക്കാർ കുറച്ച് വരുകയാണ്.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ച വരികയാണ്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി എം.പി മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുണ്ട്. |
| (സി) | പുതിയ ജി.എസ്.ടി. സംവിധാനം അനുസരിച്ച് ജി.എസ്.ടി. വകുപ്പിനെ അടിമുടി പുന:സംഘടിപ്പിച്ചതിന്റെ ഫലമായി 2020-21 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വളർച്ചയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ജി.എസ്.ടി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിലവിലെ നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടന 01/01/2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 2020-21 ൽ 47661 കോടി രൂപ ആയിരുന്നത് 2022-23 ൽ 71968 കോടി രൂപ ആയി ഉയർന്നു. 2022-23 ൽ മുൻവർഷത്തെ അപേക്ഷിച്ച് 23.4% വളർച്ചാനിരക്കാണ് കൈവരിച്ചിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്രം വരുത്തിയ വീഴ്ച, റവന്യൂ കമ്മി ഗ്രാൻറിൽ കേന്ദ്രം വരുത്തിയ കുറവ് തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തെ എത്രത്തോളം സാമ്പത്തികമായി ഞെരുക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറഞ്ഞതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്ന് കേന്ദ്ര സർക്കാർ കുറച്ച് വരുകയാണ്.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരികയാണ്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി എം.പി മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുണ്ട്. |
| (ഇ) | കേന്ദ്രം അടിച്ചേൽപ്പിച്ച വായ്പാ നിയന്ത്രണങ്ങൾ മൂലം 2016-17 മുതൽ ഇതുവരെ സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പാ സമാഹരണത്തിൽ ആകെയുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | **2016-17** സാമ്പത്തിക വർഷം മുതൽ നടപ്പ് സാമ്പത്തിക വർഷം വരെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടി കാണിച്ച് 95,591.51 കോടി രൂപ കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്ത വായ്പ സർക്കാരിന്റെ കടമായി കണക്കാക്കി 2022-23 മുതൽ 11,938.8 (8798.10+3140.70) കോടി രൂപയും ഇതുവരെ കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ